ഉത്തരം

(എ) ആയുർവ്വേദ വകുപ്പിൽ വിഷ, മർമ്മ, നേത്ര, സിദ്ധ, പഞ്ചകർമ്മ, യുനാനി, പ്രകൃതിചികിത്സ, സിക്കിൾസെൽ അനീമിയ, മാനസികം എന്നീ സ്പെഷ്യാലിറ്റികളും, ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ സംഹിത സിദ്ധാന്ത സംസ്കൃത രചനാശാരീര, ക്രിയാശരീര, ദ്രവ്യഗുണ, രസശാസ്ത്ര ആന്റ് ഭൈഷജ്യകൽപ്പന, കായചികിത്സ, രോഗനിദാൻ, ശല്യ, ശാലക്യ, സസ്ഥവൃത്ത, അഗദതന്ത്ര, പ്രസൂതിതന്ത്രവും സ്ത്രീരോഗവും, കൗമാരഭൃത്യ എന്നീ സ്പെഷ്യാലിറ്റികളും നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

എടത്തല ഗ്രാമപഞ്ചായത്തിലെ യുനാനി ക്ലിനിക്ക് ആന്റ് റിസർച്ച് സെന്റർ

258 [3234] *ശ്രീ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനുകീഴിൽ ആലുവ, എടത്തല ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന യുനാനി ക്ലിനിക്ക് ആന്റ് റിസർച്ച് സെന്റർ ഇവിടെനിന്നും അയൽ സംസ്ഥാനത്തേക്കുമാറ്റി സ്ഥാപിക്കുവാൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കേരളത്തിലെ ഏക യുനാനി ക്ലിനിക്ക് ആയ ഈ സ്ഥാപനം ഇവിടെത്തന്നെ നിലനിർത്തേണ്ടതിന്റെ ആവശ്യകത കേന്ദ്രഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തി സ്ഥാപനം നിലനിർത്തുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതിനുള്ള നീക്കം നടക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) & (സി) യുനാനി ക്ലിനിക്ക് ആന്റ് റിസർച്ച് സെന്റർ എടത്തല യിൽത്തന്നെ നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly